## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.171 — 16-06-2014-ൽ മറുപടിക്ക്

### അബ്കാരി കേസ്സുകളുടെ വർദ്ധന തടയുന്നതിന് നടപടി

**ചോദ്യം**

ശ്രീ. ജി. എസ്. ജയലാൽ:
" പി. തിലോത്തമൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ചിറ്റയം ഗോപകുമാർ:

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അബ്കാരി കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ കേസ്സുകളുടെ എണ്ണം വർദ്ധിക്കാനിടയായതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എ) ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള അബ്കാരി കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2011 | - 10458 |
| 2012 | - 15043 |
| 2013 | - 12933 |
| 2014 മേയ് 31 വരെ | - 5358 |

(ബി) സ്പിരിറ്റ് കടത്ത്, അനധികൃത മദ്യ വില്പന തുടങ്ങി ഏതെല്ലാം ഇനങ്ങളിലുള്ള കേസ്സുകളാണ് വർദ്ധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്പിരിറ്റ് കടത്ത്, അനധികൃത മദ്യ വില്പന തുടങ്ങിയ കേസ്സുകളിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

(സി) ഇത്തരം കേസ്സുകൾ ഫലപ്രദമായി തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) റെയ്ഡുകൾ നടത്തിയും, രഹസ്യ വിവരം ശേഖരിച്ചും, പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടികൾ ശക്തിപ്പെടുത്തിയും, ജനമൈത്രി സംവിധാനം ഉപയോഗിച്ച് വിവര ശേഖരണം നടത്തിയും, കേസുകൾ രജിസ്റ്റർ ചെയ്തും, നിയമ നടപടികൾ സ്വീകരിച്ചും, പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തിയും അബ്കാരി കേസുകൾ തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ നിരവധി ബാറുകൾ അടഞ്ഞു കിടക്കുന്നതിനാൽ സ്പിരിറ്റ് കടത്ത്, വ്യാജമദ്യത്തിന്റെ ഉല്പാദനവും വിതരണവും ഉപഭോഗവും ഉണ്ടാകാനുള്ള സാധ്യത എന്നിവ മുന്നിൽ കണ്ട് അത് തടയുന്നതിനായി എക്സൈസ് വകുപ്പിൽ "റെഡ് അലർട്ട്" പ്രഖ്യാപിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസിന്റെ എല്ലാ എൻഫോഴ്സ്മെന്റ്/ഇന്റലിജൻസ്

ഏജൻസികൾക്കും സ്വീകരിക്കേണ്ട മുൻകരുതലുകൾ വിശദമാക്കി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും, ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. കൂടാതെ ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹന പരിശോധന നടത്തുന്നുണ്ട്.

സെക്ഷൻ ആഫീസർ